## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3181 — 14.03.2018 ൽ മറുപടിയ്ക്ക്

## സ്റ്റാർട്ടപ് പദ്ധതികൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് സ്വയം സംരംഭങ്ങൾ തുടങ്ങാനും പുതിയ മേഖലകൾ കണ്ടെത്താനുമായി ആരംഭിച്ച സ്റ്റാർട്ടപ് പദ്ധതികൾ പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ; | (എ) | സ്റ്റാർട്ടപ്പ് പദ്ധതികളിൽ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻജിനീയറിംഗ് കോളേജുകളിൽ കൂടുതൽ ഇന്നവേഷൻ & എൻറർപ്രണർഷിപ്പ് സെൻററുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ ഉൾപ്പെടെ മികച്ച നിലയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| (ബി) | കഴിഞ്ഞ വർഷം വൻകിട മുതൽമുടക്കുള്ള 688 സ്റ്റാർട്ടപ്പുകൾ രാജ്യത്ത് തുടങ്ങിയപ്പോൾ അതിൽ കേരളത്തിന്റെ സംഭാവന തുലോം കുറവായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വിദഗ്ധ ഏജൻസിയായ Tracxn-ന്റെ കണക്കുപ്രകാരം കേരളത്തില സ്റ്റാർട്ടപ്പുകൾക്ക് 2015 - ൽ ലഭ്യമായ നിക്ഷേപം 48 കോടിയോളം രൂപയും 2017 ലേത് 1000 കോടിയോളം രൂപയുമാണ്. ഇതിൽനിന്നും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന നിക്ഷേപത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. |
| (സി) | കഴിഞ്ഞവർഷം സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളിൽ ഉണ്ടായ നിക്ഷേപം എത്രയാണ്; വിജയകരമാകുന്ന സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തിന് പുറത്തേക്ക് സ്ഥാപനം മാറ്റുന്നതിനുള്ള പ്രവണത വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | Tracxn-ന്റെ കണക്കുപ്രകാരം 2017-ൽ സംസ്ഥാനത്ത് 1000 കോടിയോളം രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് പുറത്തേയ്ക്ക് പോകുന്ന പ്രവണത കുറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല മറ്റു മേഖലകളിൽ നിന്നും കേരളത്തിലേക്ക് മാറുന്ന പ്രവണത ഉണ്ടായിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിന്നും കഴിവുറ്റ ഉദ്യോഗാർത്ഥികൾ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | സ്റ്റാർട്ടപ്പുകളായി മാറാവുന്ന 1200 ഓളം ആശയങ്ങൾ ഐഡിയ ഡേയിൽ പരിഗണിക്കുന്നതിനായി ലഭിച്ചിരുന്നു. അതിൽ 112 ആശയങ്ങൾക്ക് വിപണന സാധ്യതയുള്ള ഉല്പന്നമായി മാറുന്നതിന് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് കഴിവുള്ളവരുടെ ലഭ്യതയിൽ യാതൊരു കുറവുമില്ല എന്ന് കാണാവുന്നതാണ്. |
| (ഇ) | സ്റ്റാർട്ടപ്പുകളുടെ പ്രതിസന്ധി പഠിച്ച് ഐ.റ്റി. നയത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്റ്റാർട്ടപ്പ് പദ്ധതികളിൽ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ മേഖലയിലെ മാറ്റങ്ങൾ നിരന്തരം നിരീക്ഷിക്കുകയും സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി നയത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുന്നതിനും പുതിയ ഐ.ടി. നയത്തിൽ വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**